അപകടമരണം സംഭവിച്ച മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്കുള്ള ധനസഹായം

1137 [1713] ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കെ മരണമടഞ്ഞിട്ടുണ്ട്;

(ബി) ഇതിൽ എത്രപേരുടെ ആശ്രിതർക്ക് നഷ്ടപരിഹാരത്തുക നൽകിയിട്ടുണ്ട് ?

ഉത്തരം

(എ) 517 മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനവുമായി ബന്ധപ്പെട്ട കാരണങ്ങളാൽ മരണമടഞ്ഞുവെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്.

(ബി) 517 പേരുടേയും ആശ്രിതർക്ക് നഷ്ടപരിഹാരത്തുക നൽകിയിട്ടുണ്ട്.

മത്സ്യത്തൊഴിലാളികൾക്ക് ബസ്സ് സർവ്വീസ്

1138 [1714] ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി :
,, പി. എം. അബൂബക്കർ :
,, ഇ. ടി. മുഹമ്മദ് ബഷീർ :
,, എ. വി. അബ്ദുൽ റഹ്മാൻ ഹാജി :
,, പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് കൂടുതൽ സ്ഥലങ്ങളിൽ ബസ്സ് സർവ്വീസ് ഏർപ്പെടുത്താൻ എന്തെങ്കിലും നടപടി എടുക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം സ്ഥലങ്ങളിൽ ?

ഉത്തരം

(എ) ഉണ്ട്.

(ബി) നിലവിലുള്ള ബസ്സ് സർവ്വീസുകൾക്ക് പുറമെ ആലപ്പുഴ, കോട്ടയം ജില്ലകളുടെ ചില ഭാഗങ്ങളെ ബന്ധിപ്പിക്കുന്ന ഒരു ബസ്സ് സർവ്വീസ് കൂടി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

മത്സ്യബന്ധന മേഖലയിലെ ആധുനികവൽക്കരണം

1139 [1745] ശ്രീ. എം. ജിനദേവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരമ്പരാഗത മത്സ്യബന്ധന മേഖലയുടെ ആധുനികവൽക്കരണത്തിനു് ഇടത്തട്ടുകാരെ ഒഴിവാക്കുന്നതിനു് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ എന്താണെന്നു് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly